"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം നഗരസഭയിലെ സാനിട്ടേഷൻ വർക്കറായ ശ്രീ.സി.ബാബുവിനെതിരായ 1960 ലെ KCS(CC&A) Rule ചട്ടം 18 പ്രകാരമുള്ള അച്ചടക്കനടപടി ടിയാനെ സേവനത്തിൽ നിന്നും നീക്കം ചെയ്തുകൊണ്ട് തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്**

സ.ഉ.(കൈ) നം.85/2025/LSGD തീയതി,തിരുവനന്തപുരം, 21-05-2025

---

പരാമർശം:-

1. ബഹു. തിരുവനന്തപുരം അഡീഷണൽ ഡിസ്ട്രിക്റ്റ് സെഷൻസ് കോടതിയുടെ Sessions Case No.1153/2006 കേസിന്മേലുള്ള 28.11.2016 ലെ വിധിന്യായം.
2. ബഹു. ഹൈക്കോടതിയുടെ Crl. M.A No 7490/2016 in Crl. A No.1243/2016 ന്മേലുള്ള 27.02.2017 ലെ ഉത്തരവ്
3. തിരുവനന്തപുരം നഗരസഭ സെക്രട്ടറിയുടെ 11.05.2017 ലെ GC7/32117/17 നമ്പർ ഉത്തരവ് നടപടികൾ
4. തിരുവനന്തപുരം നഗരസഭ കൗൺസിലിന്റെ 13.06.2018 ലെ 3(ഡി) 14 നമ്പർ തീരുമാനം
5. തിരുവനന്തപുരം നഗരസഭ ഹെൽത്ത് ഓഫീസറുടെ 29.06.2018 തീയതിയിലെ GC1/85275/15(1) നമ്പർ ഉത്തരവ് നടപടികൾ
6. 05.11.2022 തീയതിയിലെ ഇയു3/156/2020/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
7. ശ്രീ. ബാബു സി സമർപ്പിച്ച 05.12.2022 ലെ മറുപടി.
8. സ.ഉ(സാധാ) നം. 552/2024/തസ്വഭവ തീയതി 06.03.2024.
9. കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറിയുടെ 17.10.2024 ലെ A1-1/24/2024-KPSC നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം നഗരസഭയിൽ സാനിട്ടേഷൻ വർക്കറായിരുന്ന ശ്രീ.സി.ബാബുവിന്റെ ഭാര്യ ആത്മഹത്യ ചെയ്തതുമായി ബന്ധപ്പെട്ട് ടിയാനെതിരെ തിരുവനന്തപുരം അഡീഷണൽ സെഷൻസ് കോടതി ഐ.പി.സി 323,324,325,306,307,498(എ) വകുപ്പുകൾ പ്രകാരം കുറ്റക്കാരനാണെന്ന് കണ്ടെത്തി പരാമർശം (1) പ്രകാരം 7 വർഷം കഠിന തടവും 12,000/- രൂപ പിഴയും വിധിച്ചിരുന്നതും ആയതിനെതിരെ ടിയാൻ ബഹു.ഹൈക്കോടതി മുമ്പാകെ ക്രിമിനൽ അപ്പീൽ സമർപ്പിക്കുകയും ടി അപ്പീലിൽ പരാമർശം (2) ഉത്തരവ് പ്രകാരം ബഹു.ഹൈക്കോടതി ടിയാന് കർശന വ്യവസ്ഥകളോടെ ജാമ്യം അനുവദിക്കുകയും സെഷൻസ് കോടതിയുടെ

ശിക്ഷാവിധി നടപ്പാക്കുന്നത് സസ്പെൻഡ് ചെയ്യുകയും ചെയ്തിരുന്നു.

2. ശ്രീ.സി.ബാബു 28/11/2016 മുതൽ 27/02/2017 വരെ ജയിൽ ശിക്ഷ അനുഭവിച്ചതിനാൽ തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയുടെ പരാമർശം (3) നടപടിപ്രകാരം ടിയാനെ 28/11/2016 മുതൽ മുൻകാല പ്രാബല്യം നൽകി സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിരുന്നു. സാമ്പത്തികമായി വളരെയധികം കഷ്ടതയിലായതിനാൽ സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കണമെന്ന് കാണിച്ച് ടിയാൻ സമർപ്പിച്ച അപേക്ഷയിൻമേൽ നഗരസഭ സ്റ്റാൻഡിംഗ് കൗൺസിലിന്റെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ ടിയാനെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിനുള്ള അനുമതി നൽകാൻ തിരുവനന്തപുരം നഗരസഭാ കൗൺസിൽ പരാമർശം (4) പ്രകാരം തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ, പരാമർശം (5) ഉത്തരവ് പ്രകാരം ടിയാനെ തിരികെ സർവ്വീസിൽ പ്രവേശിപ്പിക്കുകയും ചെയ്തിരുന്നു.

3. ഒരു ഉദ്യോഗസ്ഥനെതിരെ ക്രിമിനൽ കുറ്റത്തിനായി ഒരു ക്രിമിനൽ കോടതി കുറ്റം ചുമത്തുകയും, ടിയാനെതിരെ തടവോ പിഴയോ രണ്ടും കൂടിയോ ശിക്ഷ വിധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ടിയാൾ പ്രസ്തുത വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ടോ, ശിക്ഷ സസ്പെൻഡ് ചെയ്തിട്ടുണ്ടോ എന്ന ഭേദമില്ലാതെ ടി ജീവനക്കാരനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണെന്ന് 1960- ലെ KCS (CC&A) ചട്ടങ്ങളിലെ ചട്ടം 18-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ കേസിൽ, ശ്രീ.സി.ബാബുവിനെ 7 വർഷം കഠിന തടവും 12,000/- രൂപ പിഴയും ശിക്ഷ വിധിച്ചുകൊണ്ട് ബഹു. കോടതി വിധിന്യായം പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ, ചട്ടം 18 പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടത് സർക്കാർ തലത്തിലാണ് എന്നതിനാൽ, ടിയാനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള താൽക്കാലിക തീരുമാനമെടുത്ത് പരാമർശം (6) പ്രകാരം, കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. ആയതിന്, ശ്രീ.സി.ബാബു, പരാമർശം (7) പ്രകാരം സമർപ്പിച്ച മറുപടിയിൽ തനിക്കെതിരെയുള്ള തിരുവനന്തപുരം അഡീഷണൽ സെഷൻസ് കോടതിയുടെ വിധിയ്ക്കെതിരെ ബഹു.ഹൈക്കോടതി മുൻപാകെ സമർപ്പിച്ച ക്രിമിനൽ അപ്പിൽ നം.1243/2016 ഇപ്പോഴും നിലവിലുള്ളതും ടി അപ്പീലിൽ ബഹു. കേരള ഹൈക്കോടതി ശിക്ഷ നടപ്പിലാക്കുന്നത് Crl. MA No.7490/2016 in Crl.Appeal No.1243 ലെ ഉത്തരവ് പ്രകാരം സസ്പെൻഡ് ചെയ്തിട്ടുള്ളതും, ആയതിൻ പ്രകാരം തനിയ്ക്ക് ജാമ്യം അനുവദിച്ചിട്ടുള്ളതുമാണെന്നും ടി കേസ് ബഹു.കോടതിയുടെ മുൻപാകെ വാദം പറയുന്ന സമയം തന്റെ നിരപരാധിത്വം പൂർണ്ണമായും തെളിയുന്നതാണെന്നും നാളിതുവരെ മറ്റൊരു കേസുകളിലും ഉൾപ്പെട്ടിട്ടില്ലാത്ത തന്റെ നിരപരാധിത്വം തെളിയിക്കുന്നതിനും തന്റെ ഭാഗം കേൾക്കാൻ അവസരം ഉണ്ടാക്കണമെന്നും ശ്രീ ബാബു അപേക്ഷിച്ചിരുന്നു.

4. ശ്രീ ബാബുവിൻറെ അപേക്ഷയുടെ അടിസ്ഥാനത്തിൽ 21/02/2023 ന് ടിയാനെ തദ്ദേശസ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി നേരിൽ കേട്ടു. ഹിയറിംഗ് വേളയിൽ, സാനിട്ടേഷൻ വർക്കർ എന്ന നിലയിൽ താൻ ഓദ്യോഗികമായി ഒരു പരാതിയ്ക്കും ഇടനൽകാതെ ജോലിചെയ്യുന്ന ആളാണെന്നും കേസിനടിസ്ഥാനമായുള്ള കാര്യങ്ങളെല്ലാം കുടുംബ കലഹത്തിന്റെയും വൈരാഗ്യത്തിന്റെയും പേരിൽ തനിയ്ക്കെതിരെ കൃത്രിമമായുണ്ടാക്കിയവയാണെന്നും, ബഹു. കോടതിവിധി വരുമ്പോൾ തന്റെ നിരപരാധിത്വം തെളിയുന്നതാണെന്നും കൂടാതെ, തന്റെ അമ്മ ക്യാൻസർ രോഗിയാണെന്നും മറ്റു കുടുംബാംഗങ്ങൾക്കൊന്നും സ്ഥിരമായ വരുമാന മാർഗ്ഗമില്ലെന്നും നിലവിൽ തനിയ്ക്ക് ഉപജീവനപ്പടി

മാത്രമേ ലഭിക്കുന്നുള്ളൂ എന്നും ഈ കാലയളവിൽ ശമ്പളമല്ലാതെ യാതൊരാനുകൂല്യങ്ങളും ലഭിക്കാതെ സാമ്പത്തികമായി വളരെ കഷ്ടതയനുഭവിക്കുകയാണെന്നും ആയതിനാൽ ഇതുവരെ ഒരു കേസിലും ഉൾപ്പെടാത്ത തനിക്കെതിരെ ഹൈക്കോടതി വിധി വരും വരെ നടപടിയൊന്നും സ്വീകരിക്കരുതെന്നും ആനുകൂല്യങ്ങൾ അനുവദിച്ചു നല്കണമെന്നും ശ്രീ ബാബു അഭ്യർത്ഥിച്ചിരുന്നു.

5. ശ്രീ.സി.ബാബുവിനെ 7 വർഷം കഠിന തടവും 12,000/- രൂപ പിഴയും ശിക്ഷ വിധിച്ചുകൊണ്ട് ബഹു. കോടതി വിധിന്യായം പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ KCS(CC&A) ചട്ടങ്ങളിലെ ചട്ടം 18 പ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ടിയാനെ പരാമർശം (8) പ്രകാരം സർവ്വീസിൽ നിന്നും ഉടൻ പ്രാബല്യത്തിൽ സസ്പെൻഡ് ചെയ്തിരുന്നു.

6. അച്ചടക്ക നടപടിയുടെ ഭാഗമായിട്ടുള്ള കാരണം കാണിക്കൽ നോട്ടീസിന് ശ്രീസി.ബാബു നൽകിയ മറുപടിയുടെയും ഹിയറിങ് വേളയിൽ സമർപ്പിച്ച വസ്തുതകളുടെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ഒരു സർക്കാർ ഉദ്യോഗസ്ഥനെതിരെ ക്രിമിനൽ കോടതി ക്രിമിനൽ കുറ്റം ചുമത്തുകയും ടിയാനെതിരെ തടവോ പിഴയോ രണ്ടും കൂടിയോ ശിക്ഷ വിധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ടിയാൻ പ്രസ്തുത വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ടോ, ശിക്ഷ സസ്പെന്റ് ചെയ്തിട്ടുണ്ടോ എന്ന ഭേദമില്ലാതെ ടിയാനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാമെന്ന് 1960 ലെ KCS (CC&A) Rule ചട്ടം 18 ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ ടിയാനെതിരായി ചട്ടപ്രകാരമുള്ള തുടർനടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ച് ശ്രീ സി.ബാബുവിനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള താൽക്കാലിക തീരുമാനത്തിന്മേൽ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ ഉപദേശം തേടിയിരുന്നു. പരാമർശം (9) ലെ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ ഉപദേശം ലഭ്യമായത് പ്രകാരം, ടി കേസ് ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച കമ്മീഷൻ, സർക്കാരിന്റെ താൽക്കാലിക തീരുമാനത്തോട് യോജിക്കുകയും അപ്രകാരം സർക്കാരിനെ ഉപദേശിക്കുകയും ചെയ്തിരുന്നു.

7. മേൽ സാഹചര്യത്തിൽ, തിരുവനന്തപുരം നഗരസഭയിൽ സാനിട്ടേഷൻ വർക്കറായിരുന്ന ശ്രീ.സി.ബാബുവിനെതിരെയുള്ള ബഹു. തിരുവനന്തപുരം അഡീഷണൽ ഡിസ്ട്രിക്റ്റ് സെഷൻസ് കോടതിയുടെ Sessions Case No.1153/2006 കേസിന്മേലുള്ള 28.11.2016 ലെ വിധിന്യായത്തിന്റെയടിസ്ഥാനത്തിൽ KCS (CC&A) Rule ചട്ടം 18 ലെ വ്യവസ്ഥകൾ പ്രകാരം ശ്രീ.സി.ബാബുവിനെതിരായി ആരംഭിച്ച അച്ചടക്കനടപടി, KCS(CC&A) Rule 11(1)(vii) പ്രകാരം ടിയാനെ സേവനത്തിൽ നിന്നും നീക്കം ചെയ്തുകൊണ്ട് തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

ശ്രീ. സി. ബാബു, സാനിറ്റേഷൻ വർക്കർ, തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി, തിരുവനന്തപുരം

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി, തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 22-05-2025 12:13:15
സെക്ഷൻ ഓഫീസർ